## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2014 — 11.6.2018- ൽ മറുപടിയ്ക്ക്

## പ്രവാസി പുനരധിവാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പ്രവാസി പുനരധിവാസ പദ്ധതിയിൽ 2016 മെയ് മാസത്തിനുശേഷം എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്ന് വെളിപ്പെടുത്തുമോ; | എ) 2016 മെയ് മാസത്തിനു ശേഷം പ്രവാസിപുനരധിവാസപദ്ധതിയുടെ പ്രവർത്തന രീതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; | ബി) കുറഞ്ഞത് രണ്ടു വർഷം വിദേശത്തു ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾക്കും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയ്ക്കും സ്വയംതൊഴിൽ കണ്ടെത്താൻ ഈ പദ്ധതി പ്രയോജനപ്രദമാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കി വരുന്നു. ഇതിന് പുറമേ ഈ പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ സംരംഭകർക്ക് പരിശീലനവും മാർഗനിർദ്ദേശങ്ങളും |

| | | |
|---|---|---|
| | | നൽകുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെൻറർ ഫോർ മാനേജ്മെൻറ്ഡെവലപ്മെൻറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിന് സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സി.എം.ഡി സഹായിച്ചു വരുന്നു. |
| സി) | 2016 മെയ് മാസത്തിനുശേഷം എത്രയാളുകൾക്ക് പുനരധിവാസ പദ്ധതിയിൽ ആനുകൂല്യങ്ങൾ നൽകിയെന്നും എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകിയെന്നും വെളിപ്പെടുത്തുമോ? | സി) 2016 മെയ് മാസത്തിനു ശേഷം 861 പേർക്ക് ഈ പദ്ധതിയിൻ കീഴിൽ സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന് പുറമേ 344 പേർക്ക് തീവ്രസംരംഭക/സ്വയം തൊഴിൽ പരിശീലനം സി.എം.ഡി മുഖാന്തിരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**